പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 290</u> <u>11.06.2012 ൽ മറുപടിക്ക്</u>

## <u>സുപ്രീംകോടതിയിൽ ഇറ്റാലിയൻ കടൽക്കൊലയാളികളെ രക്ഷിക്കാനുതകുന്ന വാദമുഖം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, എം. ഹംസ<br>,, രാജു എബ്രഹാം<br>,, എ. എം. ആരിഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവെച്ചുകൊന്ന് പൂജപ്പുര സെൻട്രൽ ജയിലിൽ കഴിഞ്ഞുവരുന്ന ഇറ്റാലിയൻ നാവികരെ മോചിപ്പിക്കാനും കപ്പൽ വിട്ടുകിട്ടുന്നതിന് വേണ്ടിയും സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ, സുപ്രീംകോടതി ഗവൺമെന്റ് നിലപാടിനെ വിമർശിക്കാനിടയായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;<br><br>(ബി) മരിച്ചവർ ഇന്ത്യാക്കാരാണെന്നത് മറക്കരുതെന്ന് സുപ്രീം കോടതി വിമർശിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് സർക്കാരിനറിയാമോ; | (എ) യും (ബി) യും വെടിവെപ്പ് സംഭവത്തിൽപ്പെട്ട എൻറിക്കലെക്സി എന്ന കപ്പൽ വിട്ടുകിട്ടുന്നതിനുവേണ്ടി കപ്പലുടമകൾ ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജി പരിഗണിക്കുന്ന അവസരത്തിൽ ആദ്യദിവസം കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അഡീ. [illegible] സോളിസിറ്ററും ജനറൽ ശ്രീ. ഹിരൺറാവൽ നടത്തിയ വ്യക്തിപരമായ ചില പരാമർശങ്ങളെ ബഹു. സുപ്രീംകോടതി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ കേസിൽ കേരള സർക്കാർ നിയോഗിച്ച അഭിഭാഷകനെ തിടുക്കത്തിൽ മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു; | (സി) സ്റ്റാന്റിങ് കോൺസൽമാരുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ നൽകുന്ന നിർദ്ദേശമനുസരിച്ചാണ് അഭിഭാഷകർ കോടതിയിൽ ഹാജരാകുന്നത്. അഡ്വക്കേറ്റ് ജനറലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്.എൽ.പി.(സി) 11942/2012 കേസിൽ ശ്രീ. എം. ആർ രമേഷ് ബാബു, ശ്രീ. എം.ടി. ജോർജ്ജ് |

എന്നീ സ്റ്റാന്റിങ് കോൺസൽമാർക്ക് സർക്കാർ വക്കാലത്ത് നൽകിയിട്ടുണ്ട്. അഭിഭാഷകനെ മാറ്റാൻ ആഭ്യന്തര വകുപ്പിൽ നിന്നും നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) സുപ്രീംകോടതിയിൽ ഇറ്റാലിയൻ കടൽക്കൊലയാളികളെ രക്ഷിക്കാനുതകുന്ന വാദമുഖം അവതരിപ്പിച്ച കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിന്റെ അറിവോടുകൂടിയതാണോ?

(ഡി) കേസിന്റെ പ്രാരംഭദശയിൽ കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീ. ഹിരൺറാവൽ സ്വീകരിച്ച നിലപാട് കേന്ദ്രസർക്കാരിന്റേയോ കേരള സർക്കാരിന്റേയോ അറിവോടെയുള്ളതല്ല. കേന്ദ്രസർക്കാരിനുവേണ്ടി പിന്നീട് ഹാജരായ സോളിസിറ്റർ ജനറൽ ശ്രീ. ഗുലാം ഇ. വഹനാവതി തുടർന്നുള്ള വാദങ്ങളിൽ സംസ്ഥാന സർക്കാരിനനുകൂലമായ നിലപാടാണ് കേന്ദ്രസർക്കാരിനുവേണ്ടി സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ